**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2533** **27-02-2023 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി കണക്ഷന്റെ ഓണർഷിപ്പ് മാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | നിലവിൽ വൈദ്യുതി കണക്ഷൻ ഉള്ള കെട്ടിടത്തിന്റെ ഓണർഷിപ്പ് മാറിയാൽ വൈദ്യുതി കണക്ഷന്റെ ഓണർഷിപ്പ് മാറ്റത്തിന് എന്തൊക്കെ നടപടികളാണ് വകുപ്പ് സ്വീകരിച്ച് വരുന്നതെന്ന് അറിയിക്കാമോ? | (എ) | 1. അപേക്ഷകന്റെ ഫോട്ടോ പതിച്ച ഐ.ഡി കാർഡിന്റെ പകർപ്പ് .<br><br>2. ഉടമസ്ഥാവകാശം തെളിയിക്കുന്നതിനുള്ള രേഖ.<br><br>3. ഉടമസ്ഥാവകാശം മാറ്റുന്നതിന് (സെക്യൂരിറ്റി ഡോപ്പോസിറ്റ് ഉൾപ്പെടെ), പഴയ ഉടമസ്ഥൻ വെള്ളപേപ്പറിൽ എഴുതി നൽകിയ അനുമതി പത്രം, അനുമതി പത്രം കിട്ടിയില്ലെങ്കിൽ, പുതിയ ഉടമസ്ഥന് സെക്യൂരിറ്റി ഡെപ്പോസിറ്റ് പുതുതായി അടയ്ക്കാവുന്നതാണ്. അപ്പോൾ നിലവിലുണ്ടായിരുന്ന സെക്യൂരിറ്റി ഡെപ്പോസിറ്റ്, പഴയ ഉടമസ്ഥന് ഉടമസ്ഥാവകാശം മാറ്റുന്നതായുള്ള അറിയിപ്പോടെ, ബോർഡ് മടക്കി നൽകുന്നതുമാണ്.<br><br>അതുമല്ലെങ്കിൽ, ഒരു വെള്ളപേപ്പറിൽ, ഉടമസ്ഥാവകാശം മാറ്റുന്നതുമായി ബന്ധപ്പെട്ട എല്ലാ കഷ്ട നഷ്ടങ്ങളിൽ നിന്നും, വ്യവഹാരങ്ങളിൽ നിന്നും കെ.എസ്.ഇ.ബി-യെ ഒഴിവാക്കി കൊണ്ടും, പഴയ ഉടമസ്ഥൻ, അദ്ദേഹം നിക്ഷേപിച്ച സെക്യൂരിറ്റി ഡോപ്പോസിറ്റ് അവകാശം ഉന്നയിക്കുന്ന പക്ഷം, ഉടമസ്ഥാവകാശം മാറ്റുമ്പോഴുണ്ടായിരുന്ന സെക്യൂരിറ്റി ഡെപ്പോസിറ്റ് പലിശ സഹിതം തിരികെ നൽകാമെന്നുള്ള ഒരു ഉറപ്പ് എഴുതി നൽകാവുന്നതാണ്.<br><br>രജിസ്റ്റർ ചെയ്തിരിക്കുന്ന ഉപഭോക്താവിന്റെ നിര്യാണത്തെ തുടർന്ന് ഉടമസ്ഥാവകാശം മാറ്റുന്നതിന്, വിൽപ്പത്രമോ, പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റോ, മരണ സർട്ടിഫിക്കറ്റിനൊപ്പം നൽകിയാൽ മതിയാകും. ഉടമസ്ഥാവകാശം മാറ്റുന്നതിന്, സ്ഥല പരിശോധന ആവശ്യമില്ല. ഉടമസ്ഥാവകാശം മാറ്റുന്നതിനൊപ്പം, കണക്റ്റഡ് ലോഡിലോ, കോൺട്രാക്ട് ഡിമാന്റിലോ വ്യത്യാസമുണ്ടെങ്കിൽ, കണക്ടഡ് ലോഡ്/കണക്ടഡ് |

| | | | |
|---|---|---|---|
| | | | ഡിമാന്റ് മാറ്റുന്നതിനുള്ള അപേക്ഷ കൂടി സമർപ്പിക്കേണ്ടതാണ്.<br><br>ഉടമസ്ഥാവകാശം മാറ്റുന്നതിന് ഉപഭോക്താവ് സെക്ഷൻ ഓഫീസിൽ നേരിട്ടോ, ഓൺലൈൻ ആയോ, വാതിൽപ്പടി സേവനം ഉപയോഗിച്ചോ അപേക്ഷ നൽകാവുന്നതാണ്. |

സെക്ഷൻ ഓഫീസർ